"ഭരണഭാഷ - മാതൃഭാഷ"

നമ്പർ. ഡി.1/26860/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം.
തീയതി. 14/10/2019
ഫോൺ: 0471-2303107

## പരിപത്രം

വിഷയം: കോളേജ് വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ ആർജ്ജിത അവധികൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന: 1).30/09/2019 തീയതിയിലെ ഡി1/60/2016/ഉ.വി.വ നമ്പർ സർക്കാർ കത്ത്.

2). 23/01/2019 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ കത്ത്.

3). 07/01/2015 തീയതിയിലെ നമ്പർ. 35814/ഡി1/14/ഉ.വി.വ സർക്കാർ കത്ത്.

4). 17/08/2010 തീയതിയിലെ ഈ ഓഫീസിലെ ഡി1/34858/10 നമ്പർ കത്ത്.

****

ഏപ്രിൽ / മേയ് മാസങ്ങളിൽ പരീക്ഷാഡ്യൂട്ടി ചെയ്യുന്നത് വഴി ലഭിക്കുന്ന ആർജ്ജിത അവധികൾ യഥാസമയം സേവനപുസ്തകത്തിൽ രേഖപ്പെടുത്താൻ കഴിയാത്ത കാരണം ആനുകൂല്യങ്ങൾ നഷ്ടമാകുന്നുയെന്ന് കാണിച്ചു കൊണ്ടുള്ള എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ സർക്കാർ തലത്തിൽ തീരുമാനമെടുക്കുന്നതിനായി സൂചന (2) പ്രകാരം കത്ത് നൽകിയിരുന്നു. സർക്കാർ ഈ വിഷയം പരിശോധിച്ച് സൂചന (1) പ്രകാരം മറുപടി നൽകിയതനുസരിച്ച് ആർജ്ജിതാവധികൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നത് സംബന്ധിച്ച് സൂചന (4) പ്രകാരം നൽകിയ കത്തിലെ വ്യവസ്ഥകൾക്ക് മാറ്റം വരുത്തിക്കൊണ്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1). 30/06/2010 ന് ശേഷമുള്ള പരീക്ഷാ ഡ്യൂട്ടി, ഇൻവിജിലേഷൻ ഡ്യൂട്ടി എന്നിവ നോക്കിയിട്ടുള്ള വിവരങ്ങൾ ഇതുവരെ സേവനപുസ്തകത്തിൽ രേഖപ്പെടുത്താത്ത കോളേജുകളിൽ പരീക്ഷാ ഡ്യൂട്ടി രജിസ്റ്റർ, ഡ്യൂട്ടി സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ച് നിലവിലെ പ്രിൻസിപ്പാൾ എത്ര ദിവസത്തെ ആർജ്ജിതാവധിക്ക് അർഹതയുണ്ടെന്ന് ഉത്തരവ് പുറപ്പെടുവിക്കേണ്ടതും പ്രസ്തുത വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇങ്ങനെ രേഖപ്പെടുത്തുന്ന വിവരങ്ങളിൽ പിഴവ് സംഭവിച്ചിട്ടുണ്ടെന്ന് പിന്നീടുള്ള പരിശോധനാ വേളകളിൽ എപ്പോഴെങ്കിലും ബോധ്യപ്പെട്ടാൽ ഇതുവഴി സർക്കാരിനുണ്ടാകുന്ന സാമ്പത്തിക

0059422 GOVERNMENT OF KERALA

നഷ്ടം പ്രിൻസിപ്പാൾമാരുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്. ആർജ്ജിത അവധി അനുവദിച്ചുകൊണ്ടുള്ള പ്രിൻസിപ്പാളിന്റെ ഉത്തരവും സേവനപുസ്തകവും അനുബന്ധ രേഖകളുടെ ശരിപ്പകർപ്പോടുകൂടി മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസുകളിൽ നൽകി സറണ്ടർ ആനുകൂല്യം കൈപ്പറ്റാവുന്നതാണ്.

**2)**. സേവനപുസ്തകങ്ങൾ സർവ്വീസ് സംബന്ധമായ രേഖപ്പെടുത്തലുകൾ നടത്തുന്നതിനായി മേലാഫീസുകളിലേക്ക് അയച്ചു കൊടുക്കുന്നതിനാൽ ആർജ്ജിതാവധികൾ യഥാസമയം രേഖപ്പെടുത്താൻ കഴിയാതെ വരുന്നത് ഒഴിവാക്കുന്നതിനായി 2019-20 അദ്ധ്യയന വർഷം മുതൽ പുതുതായി ഒരു Earned Leave Entitlement Register ഡെപ്യൂട്ടി ഡയറക്ടർ സൂക്ഷിക്കേണ്ടതും യഥാസമയം ഡ്യൂട്ടി സർട്ടിഫിക്കറ്റിന്റെയും പ്രിൻസിപ്പാളിന്റെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. അതിലേക്കായി താഴെപറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

**(i).** പരീക്ഷാ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന അദ്ധ്യാപകരെ അതിന് അനുവദിച്ചുകൊണ്ട് പ്രിൻസിപ്പാൾ ഉത്തരവ് നൽകേണ്ടതാണ്.

**(ii).** പരീക്ഷാ ഡ്യൂട്ടി ചെയ്ത് കഴിഞ്ഞ് പരീക്ഷാ ഡ്യൂട്ടി കൺട്രോളർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഏൺഡ് ലീവിന്റെ അർഹത നിശ്ചയിച്ച് പ്രിൻസിപ്പാൾ ഉത്തരവ് നൽകേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ സേവനപുസ്തകത്തിൽ നടത്തേണ്ടതുമാണ്..

**(iii).**ഇത്തരത്തിൽ സേവനപുസ്തകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തി യിട്ടുണ്ടോയെന്ന് പ്രസ്തുത അദ്ധ്യാപകൻ പരിശോധിക്കേണ്ടതും ഇല്ലെങ്കിൽ വെക്കേഷൻ ഡ്യൂട്ടി ചെയ്ത് മൂന്ന് മാസത്തിനകം അത് സംബന്ധിച്ചുള്ള പരാതി നൽകേണ്ടതുമാണ്.

**(iv).** പ്രിൻസിപ്പാൾ ഇത്തരം പരാതികളിൽ തീരുമാനമെടുക്കാത്തപക്ഷം പ്രസ്തുത അദ്ധ്യാപകൻ ആവശ്യമായ രേഖകൾ സഹിതം മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് പരാതി നൽകേണ്ടതാണ്. അത്തരം പരാതികളിൽ മെഖലാ ഡെപ്യൂട്ടി ഡയറക്ടർ ഒരു മാസത്തിനകം തീരുമാനമെടുക്കേണ്ടതാണ്.

**(v).** മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്നും പ്രിൻസിപ്പാളിന്റെ റിട്ടയർമെൻറിന് മുമ്പ് നടത്തുന്ന ആഡിറ്റിൽ സേവനപുസ്തകങ്ങൾ പരിശോധിക്കേണ്ടതും ഏത് പ്രിൻസിപ്പാളിന്റെ കാലയളവാണോ പരിശോധി ക്കുന്നത് അദ്ദേഹത്തിന്റെ പ്രവർത്തന കാലയളവിലുള്ള ഏൺഡ് ലീവ് സറണ്ടറിനെ സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ എല്ലാം തന്നെ വരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

GOVERNMENT OF KERALA

(vi). ഇത്തരത്തിൽ ഏണ്‍ഡ് ലീവ് സറണ്ടറിനായി പരീക്ഷാ ഡ്യൂട്ടി ചെയ്ത കാലയളവ് കൃത്യമായി ഉത്തരവിറക്കി സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതിന്റെ ഉത്തരവാദിത്തം ബന്ധപ്പെട്ട പ്രിൻസിപ്പാളിനും അത് ചെയ്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട അദ്ധ്യാപകന്റെ കടമയുമായിരിക്കും.

വിശ്വസ്തതയോടെ,
(ഒപ്പ്)
വിഘ്നേശ്വരി. വി IAS
കോളേജ് വിദ്യാഭ്യാസഡയറക്ടർ

പകർപ്പ്

1). ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം/ കോട്ടയം / എറണാകുളം / കോഴിക്കോട് / തൃശ്ശൂർ
2). ആഡിറ്റ് വിഭാഗം
3). വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.

/അംഗീകാരത്തോടെ/
സൂപ്രണ്ട്

എസ്.കെ. 15.10.2019

0859460 GOVERNMENT OF KERALA